# പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3457** — **24.06.2013 -ലെ മറുപടിക്ക്**

**പന്നിയങ്കര പോലീസ് നടത്തിയ പരിശോധനയ്ക്കിടെ രണ്ട് പേർ മരണപ്പെടാനിടയായ സംഭവം.**

| ചോദ്യം<br>ശ്രീ. എളമരം കരീം | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) കോഴിക്കോട് ജില്ലയിൽ പന്നിയങ്കര പോലീസ് നടത്തിയ പരിശോധനയ്ക്കിടെ മോട്ടോർ ബൈക്കിൽ സഞ്ചരിക്കകയായിരുന്ന രണ്ടുപേർ വാഹനത്തിനിടയിൽപ്പെട്ട് മരണപ്പെടാനിടയായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പന്നിയങ്കരയിൽ മോട്ടോർ ബൈക്കിൽ സഞ്ചരിക്കകയായിരുന്ന രണ്ടു പേർ കെ.എസ്.ആർ.ടി.സി. ബസ്സിൽ ഇടിച്ച് വാഹനത്തിനടിയിൽപ്പെട്ട് മരണപ്പെടാനിടയായ സംഭവം ഉണ്ടായിട്ടുണ്ട്. ആയതിന് കോഴിക്കോട് ട്രാഫിക് പോലീസ് സ്റ്റേഷൻ Cr. No. 624/13 U/s 279, 304(A) IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) പ്രസ്തുത സംഭവം അന്വേഷിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) മേൽ സംഭവത്തെപ്പറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ, പൊതുവിദ്യാഭ്യാസ സെക്രട്ടറി ഡോക്ടർ കെ.ഇളങ്കോവൻ ഐ.എ.എസ്.നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ അന്വേഷണം പൂർത്തിയായോ ; | (സി) അന്വേഷണം പൂർത്തിയായി. |
| (ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ